**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1278** **02.03.2017 ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.കെ. മുനീർ** | **പ്രൊഫ. സി. രവീന്ദ്രനാഥ്** **(വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |

| | | | |
| --- | --- | --- | --- |
| (എ) | ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാകുന്ന സ്കോളർഷിപ്പുകൾ ചുവടെ പറയുന്നു.<br>1. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്.<br>2. സംസ്കൃത സ്കോളർഷിപ്പ്.<br>3. നാഷണൽ സ്കോളർഷിപ്പ്.<br>4. മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/ മറ്റ് പിന്നോക്ക-മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്.<br>5. സൈനിക സ്കൂൾ സ്കോളർഷിപ്പ്.<br>6. ഭിന്നശേഷിയുള്ള കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്.<br>7. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃതം)<br>8. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃതം)<br>9. സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്കുള്ള ധനസഹായം (കേന്ദ്രാവിഷ്കൃതം).<br>10. ഇൻസെന്റീവ് ടു ഗേൾസ് (എസ്.സി/എസ്.ടി പെൺകുട്ടികൾക്ക് മാത്രം) (കേന്ദ്രാവിഷ്കൃതം). |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഈ സ്കോളർഷിപ്പ് ലഭ്യമാക്കുന്നത്; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പിനെ കൂടാതെ, സാമൂഹ്യനീതി വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് എന്നിവയും വിവിധ ക്ഷേമനിധി ബോർഡുകളും നിബന്ധനകൾക്ക് വിധേയമായി വിവിധ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്/ ഗ്രാന്റുകൾ/പഠന സഹായം നൽകി വരുന്നു. |
| (സി) | 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (സി) | 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി ചുവടെപ്പറയുന്ന നിരക്കിൽ തുകകൾ വകയിരുത്തിയിട്ടുണ്ട്/ ചെലവഴിച്ചിട്ടുണ്ട്.<br>1. നാഷണൽ സ്കോളർഷിപ്പ് - 2000000/- (ഇരുപത് ലക്ഷം)<br>2. സൈനിക സ്കൂൾ സ്കോളർഷിപ്പ് - 12500000/- (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം)<br>3. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്, മുസ്ലീം/നാടാർ/ ആംഗ്ലോ ഇന്ത്യൻ/ മറ്റ് പിന്നോക്ക-മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 74492000/- (ഏഴു കോടി നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം)<br>4. നാഷണൽ സ്കോളർഷിപ്പ് - 5341500/- (അൻപത്തി മൂന്ന് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി അഞ്ഞൂറ്)<br>കേന്ദ്രാവിഷ്കൃത (100%) പദ്ധതികൾ വഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് തുകകൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസാക്ഷൻ (ഡി.ബി.റ്റി) വഴി കുട്ടികൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | സ്കോളർഷിപ്പ് കൂടാതെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠന സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാകുന്നത്; വിശദ വിവരം നൽകുമോ? | (ഡി) | 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം, പാഠപുസ്തകങ്ങൾ, ഉച്ച ഭക്ഷണം എന്നിവ നൽകി വരുന്നു. കൂടാതെ ഭിന്നശേഷിയുള്ളവരും/മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും പൊതു വിദ്യാഭ്യാസ വകുപ്പ് വഴി നൽകി വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ നൽകുന്ന ഫണ്ടുകൾ ആണ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ്/ഗ്രാന്റ് ആയി പൊതു വിദ്യാഭ്യാസ വകുപ്പ് വഴി വിതരണം ചെയ്യുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ നിബന്ധനകൾക്കു വിധേയമായി സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ/പഠന ഉപകരണങ്ങൾ എന്നിവ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ